# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5245

05.07.2012 ൽ മറുപടിയ്ക്ക്

## ജില്ലാ സഹകരണ ബാങ്കുകൾക്ക് പ്രത്യേകം ലൈസൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് ജില്ലാ സഹകരണ ബാങ്കുകൾക്ക് പ്രത്യേകം ലൈസൻസ് ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) ഏതെല്ലാം ബാങ്കുകൾക്കാണ് ലൈസൻസ് ലഭിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) & (ബി) ലഭ്യമായിട്ടുണ്ട്. ഇതുവരെ റിസർവ് ബാങ്ക് ലൈസൻസ് ഇല്ലാതിരുന്ന തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിനും, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിനുമാണ് ഇപ്പോൾ ലൈസൻസ് ലഭിച്ചിട്ടുള്ളത്. |
| (സി) പ്രത്യേക ലൈസൻസ് റിസർവ്വ് ബാങ്കിൽ നിന്നും ലഭിക്കാൻ ഈ ബാങ്കുകൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; | (സി) ഭാരതീയ റിസർവ് ബാങ്കിൽ നിന്നും ലൈസൻസ് ലഭിക്കുന്നതിനായി ബാങ്കിന് 4 ശതമാനമോ അതിൽ കൂടുതലോ മൂലധന പര്യാപ്തത (ക്യാപിറ്റൽ റ്റു റിസ്ക് വെയിറ്റഡ് അസറ്റ്സ് റേഷ്യോ) വേണ്ടതുണ്ട്. അതോടൊപ്പം സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ, ക്യാഷ് റിസർവ് റേഷ്യോ എന്നിവ കുറയാൻ പാടില്ലാത്തതും, കുടിശ്ശിക കൂടാൻ പാടില്ലാത്തതുമാണ്. മേൽ യോഗ്യതകൾ നേടിയതിനെ തുടർന്നാണ് ഈ ബാങ്കുകൾക്ക് ലൈസൻസ് ലഭ്യമായിട്ടുള്ളത്. |

| | |
|---|---|
| (ഡി) എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും (ഡി) റിസർവ്വ് ബാങ്കിന്റെ പ്രത്യേക ലൈസൻസ് ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ? | സംസ്ഥാനത്തെ എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും ഇപ്പോൾ റിസർവ് ബാങ്കിന്റെ ലൈസൻസ് ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ